## (4) ഭേദഗതികൾ നിരാകരിക്കണമെന്നത് സംബന്ധിച്ച്

2017 ആഗസ്റ്റ് മാസം 18-ാം തീയതി സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സബന്ധിച്ച പ്രമേയങ്ങളിലെ മൂന്നാമത്തെ പ്രമേയത്തിന്റെ ഭേദഗതികളുടെ അവതരണ വേളയിൽ, പ്രമേയത്തിന്റെ അന്ത:സത്തയ്ക്ക് ചേരാത്ത ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും നെഗറ്റീവ് സ്വഭാവത്തോടെയുള്ള ഭേദഗതികളായതിനാൽ അവ നിരാകരിക്കുതെന്നും ഒരംഗം ക്രമപശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" സഭയിൽ അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ അന്ത:സത്തയെ പൂർണ്ണമായി നിരാകരിക്കുന്നതോ ഡിഫീറ്റ് ചെയ്യുന്നതോ നെഗറ്റിവൈസ് ചെയ്യുന്നതോ ആയ ഭേദഗതികൾക്ക് മാത്രമേ ചട്ടപ്രകാരം അവതരണാനുമതി നിഷേധിക്കാൻ കഴിയുകയുള്ളൂ. കീഴ്വഴക്കവും അപ്രകാരമാണ്. ശ്രീ. എസ്. ശർമ്മ നൽകിയിട്ടുള്ള ഭേദഗതികൾ ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും നിരാകരിക്കുകയോ അതിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുകയോ അല്ല; പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ സാരമായ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. അതിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും ഉള്ളതായി കരുതുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”

---

* XIV KLA VII Session Vol. No. 168/No. 8 dated 18.08.2017